**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **14-03-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാലഘട്ടത്തിനനുസരിച്ച പരിഷ്കരിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുകയും, കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിലവസരങ്ങൾ ലഭ്യമാക്കും വിധത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി കരിയർ ഡവലപ്മെന്റ് സെന്റർ, എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ, നിയുക്തി മെഗാ ജോബ് ഫെയർ എന്നിവ മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. |
| (സി) | യുവാക്കൾക്ക് പ്രാദേശികമായി ഏർപ്പെടാൻ കഴിയുന്ന ഏതൊരു തൊഴിലും ലഭ്യമാക്കുന്നതിനുള്ള പ്രധാന സ്രോതസ്സായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ മാറ്റുന്നതിന് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | യുവാക്കൾക്ക് പ്രാദേശികമായി ഏർപ്പെടാൻ കഴിയുന്ന ഏതൊരു തൊഴിലും ലഭ്യമാക്കുന്നതിനുള്ള സ്രോതസ്സായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റുന്നതിന് കരിയർ ഡവലപ്മെന്റ് സെന്റർ, എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ